# ജീവൻറെ കൃപയുടെ കൂട്ടവകാശികൾ

സാക് പുന്നൻ

WFTW 16 ഒക്ടോബർ 2016

1 പത്രൊസ് 3: 1 ൽ, പത്രൊസ് അന്യായമായി കഷ്ടം സഹിക്കുന്ന ഭാര്യമാർക്ക് അന്യായമായി കഷ്ടം സഹിച്ച ക്രിസ്തുവിൻറെ മാതൃക ചൂണ്ടിക്കാണിക്കുന്നു. യുക്തിരഹിതനും, ദൈവവചനം അനുസരിക്കാത്തവനുമായ ഒരു ഭർത്താവാണോ നിനക്കുള്ളത്? യേശു യുക്തിരഹിതരായ ആളുകൾക്ക് വിധേയപ്പെട്ടിരുന്നതുപോലെ നീ ഭർത്താവിന് വിധേയപ്പെട്ടിരിക്കുക. 3 : 1 ൽ ' അവ്വണ്ണം തന്നെ ' എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് , ' യേശു വിധേയപ്പെട്ട അതേ രീതിയിൽ ' ( 1 പത്രൊസ് 2 : 21). വിവേകബുദ്ധിയില്ലാത്ത ഭർത്താക്കന്മാരുള്ള ഭാര്യമാർക്ക് യേശുവിൻറെ കാൽച്ചുവട് പിൻതുടരുവാനുള്ള വലിയൊരു അവസരമുണ്ട്. യേശു ഒരു പരാതിയും ഇല്ലാതെ ക്രൂശിൽ അന്യായം സഹിച്ചപ്പോൾ, അനേകം ആളുകളെ ക്രൂശിച്ചിട്ടുള്ളവനായ ഒരു റോമൻ ശതാധിപൻ, ഇതുപൊലെ ഒന്ന് ഒരിക്കലും കണ്ടിട്ടുണ്ടാവുകയില്ല. തന്നെയുമല്ല, ' ഇവൻ സാക്ഷാൽ ദേവപുത്രൻ തന്നെ ' എന്ന് അയാൾ പറയുകയും തൽക്ഷണം മാനസാന്തരപ്പെടുകയും ചെയ്തു. യേശുവിനോട് കൂടെ ക്രൂശിക്കപ്പെട്ടവരിൽ ഒരു കള്ളനും ഇങ്ങനെ ഒരു കാര്യം ഒരിക്കലും കണ്ടിട്ടില്ല. യേശു ദൈവപുത്രനാണെന്ന് അവനും വിശ്വസിച്ചിട്ട് ഇപ്രകാരം പറഞ്ഞു, ' കർത്താവെ, അവിടുന്ന് രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെയും ഓർക്കേണമേ '. അവനും മാനസാന്തരപ്പെട്ടു. അതുപോലെ നിങ്ങളുടെ യുക്തിയില്ലാത്ത ഭർത്താവ്, നിങ്ങളുടെ ക്രിസ്തുസമാനമായ പെരുമാറ്റം കാണുമ്പോൾ, അയാളും മാനസാന്തരപ്പെടുവാൻ ഇടയാകും. പത്രൊസ് പറയുന്നു, ' നിങ്ങൾ അയാളോട് ഒരു വാക്കുപോലും പ്രസംഗിക്കാതെ അയാള നേടുവാൻ നിങ്ങൾക്ക് കഴിയും ' ( 3 : 1). ക്രിസ്ത്യാനികളായ മിക്ക ഭാര്യമാരും തങ്ങളുടെ ഭർത്താക്കന്മാരോട് പ്രസംഗിച്ച് അവരെ മാനസാന്തരപ്പെടുത്തുവാൻ ശ്രമിക്കുന്നു. എന്നാൽ അവർ എത്രകണ്ട് പ്രസംഗിക്കുന്നുവോ അത്രകണ്ട് അവരുടെ ഭർത്താക്കന്മാർ കർത്താവിൽ നിന്നും അകന്നുപോകുന്നു. ഭാവിയിൽ നിങ്ങളുടെ പ്രസംഗം നിർത്തിയിട്ട് വിധേയപ്പെടുന്ന രീതി ശ്രമിച്ചു നോക്കുക.

അനന്തരം പത്രൊസ് സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിക്കേണ്ടത് എങ്ങനെയെന്ന അവരെ പഠിപ്പിക്കുന്നു. പിന്നിയ തലമുടികൊണ്ടൊ, സ്വർണ്ണാഭരണങ്ങൾ കൊണ്ടൊ, വിലകൂടിയ വസ്ത്രങ്ങൾ കൊണ്ടൊ അല്ല, എന്നാൽ 'സൗമ്യതയും സാവധാനതയും ഉള്ള ' (1 പത്രൊ 3: 4) ആത്മാവിൻറെ ആന്തരിക സൗന്ദര്യം കൊണ്ടാണ്. ആ സൗന്ദര്യം ഒരിക്കലും മങ്ങിപ്പോകുന്നില്ല, ഒരിക്കലും നശിച്ചുപോകുന്നതുമില്ല. ഈ മറഞ്ഞിരിക്കുന്ന സൗന്ദര്യത്തിനുവേണ്ടിയാണ് ദൈവം അന്വേഷിക്കുന്നത്. അത് അവിടുത്തെ ദൃഷ്ടിയിൽ വളരെ വിലയുള്ളതാണ്. ഈ യഥാർത്ഥ സൗന്ദര്യം കാണാൻ കഴിയാത്ത വിധം ഈ ലോകത്തിലെ മിക്ക ആളുകളും അന്ധന്മാരാണ് കാരണം അവർ ദൈവത്തെ അറിയുന്നില്ല.

യുവാക്കൾ എന്നോട് ഏതു തരത്തിലുള്ള സഹോദരിമാരെയാണ് അവർ വിവാഹം കഴിക്കേണ്ടത് എന്ന കാര്യത്തെപ്പറ്റി ഉപദേശം ചോദിക്കുമ്പോൾ ഞാൻ അവരോട് ചോദിക്കുന്നത് : 'ദൈവത്തിൻറെ ദൃഷ്ടിയിൽ വിലയുള്ള ഒരു സഹോദരിയെ വിവാഹം കഴിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ ? ' . അതിനുശേഷം ഞാൻ അവർക്ക് ഈ വചനം ചൂണ്ടിക്കാണിച്ചുകൊണ്ട് അവരോട് പറയും, 'സൗമ്യതയും സാവധാനതയുമുള്ള ഒരു ആത്മാവിൻറെ നശിച്ചുപോകാത്ത സൗന്ദര്യമുള്ള ഒരു സഹോദരിക്കുവേണ്ടി അന്വേഷിക്കുക '. സംസാരത്തിലുള്ള നിശ്ശബ്ദതയെ അല്ല ഇതു സൂചിപ്പിക്കുന്നത്. അവളുടെ ആത്മാവിലുള്ള നിശ്ശബ്ദതയെ ആണ്. അവൾ എത്രമാത്രം സംസാരിക്കുന്നു എന്നതല്ല ഇവിടുത്തെ ചോദ്യം അതിലുപരി അവൾ എങ്ങനെ സംസാരിക്കുന്നു എന്നതും എപ്രകാരം അവൾ പെരുമാറുന്നു

എന്നതുമാണ്. പത്രൊസ് പറയുന്നത്, സാറാ അബ്രാഹാമിനെ അനുസരിച്ചിരുന്നതുപോലെ, (പണ്ട്) ദൈവഭക്തിയുള്ള സഹോദരമിർ ഇപ്രകാരമാണ് പെരുമാറിയിരുന്നത് എന്നാണ്(1 പത്രൊ 3 ; 5,6). ഒരു സഹോദരി സൗമ്യതയും സാവധനതയുമുള്ള ഒരു ആത്മാവിനെ വെളിപ്പടുത്തുമ്പോഴാണ് അവൾ 'ദൈവത്തിൻറെ സത്യകൃപ 'പ്രാപിച്ചിട്ടുണ്ട് എന്ന് നമുക്ക് അറിയാൻ കഴിയുന്നത്.

ഒരു ഭർത്താവ് 'ദൈവത്തിൻറെ സത്യകൃപ ' അനുഭവിച്ചിട്ടുണ്ട് എന്ന് നമുക്ക് എങ്ങനെ അറിയാൻ കഴിയും? പത്രൊസ് പറയുന്നത്, അവൻ തൻറെ ഭാര്യയെ ഒരു ബലഹീന പാത്രമെന്നു കണ്ട് അവളെ ബഹുമാനിക്കുകയും വിവേകത്തോടെ അവളോടുകൂടെ വസിക്കുകയും ചെയ്യുന്നതിലൂടെയാണ് അത് അറിയാൻ കഴിയുന്നതെന്നാണ്. അത്തരത്തിലുള്ള ഒരു ഭർത്താവ് ഒരിക്കലും അവൻ തന്നെ വഹിക്കേണ്ടിയ ഭാരങ്ങൾ ഒന്നും തൻറെ ഭാര്യയുടെ മേൽ വയ്ക്കുകയില്ല. ഉദാഹരണത്തിന് നിങ്ങളും നിങ്ങളുടെ ഭാര്യയും കൂടി രണ്ട് സ്യൂട്ട്കെയ്സുകളുമായി യാത്ര ചെയ്യുകയാണെങ്കിൽ ഒന്ന് വലിയതും ഒന്ന് ചെറിയതും തീർച്ചയായും നിങ്ങൾ വലിയ പെട്ടി എടുത്തിട്ട് അവൾക്ക് ചെറിയത് കൊടുക്കും. ഭവനത്തിലുള്ള ഭാരങ്ങളുടെ കാര്യത്തിലും അതങ്ങനെ തന്നെയായിരിക്കും. സ്യൂട്ട്കെയ്സുകളെക്കാൾ വളരെയധികം ഘനമുള്ള അനേകം ഭാരങ്ങൾ ഭാര്യമാർക്ക് ഭവനത്തില് വഹിക്കുവാനുണ്ട്, എന്നാൽ മിക്ക ഭർത്താക്കന്മാരും അവരെ സഹായിക്കുവാൻ ഒരു വിരൽപോലും ഉയർത്താറില്ല. ഉദാഹരണത്തിന്, ഒരു ഭാര്യ രാവിലെ പ്രഭാതഭക്ഷണം ഉണ്ടാക്കുന്നതിനും ഇളയകുഞ്ഞിൻറെ കാര്യം നോക്കുന്നതിനും മൂത്ത കുട്ടികളെ സ്കൂളിൽ അയയ്ക്കാൻ തയ്യാറാക്കുന്നതിനുമായി കഷ്ടപ്പെടുകയായിരിക്കും. അവളുടെ ഭർത്താവ് ശാന്തനായി, അവൻറെ വേദ പുസ്തകം വായിക്കുകയും തന്നോട് സംസാരിക്കുന്നതിനും പുതിയ വെളിപാട് നൽകുന്നതിനുമായി ദൈവത്തോട് ചോദിച്ചുകൊണ്ടിരിക്കുകയും ആകാം! അവന് കേൾക്കാൻ ചെവിയുണ്ടെങ്കിൽ ദൈവം ഇപ്രകാരം പറയുന്നത് അവൻ കേൾക്കും, 'വേദപുസ്തകം അടച്ചുവച്ചിട്ട് നീ പോയി നിൻറെ ഭാര്യയെ സഹായിക്കുക! 'ആ ശബ്ദം അനുസരിക്കുന്ന ഒരു ഭർത്താവ് ' ദൈവത്തിൻറെ സത്യകൃപ ' എന്താണെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ഒരു ഭാര്യയും ഭർത്താവും അപ്രകാരം ജീവിക്കുകയാണെങ്കിൽ, അവർ 'കൂട്ടവകാശികൾ' ആയിരിക്കും ഒരു രാജാവും ഒരു രാജ്ഞിയും ഒരുമിച്ച് ' ജീവൻറെ കൃപയുടെ'. അപ്രകാരമുള്ള ഒരു ഭവനം ഈ ദുഷ്ടത നിറഞ്ഞ ലോകത്തിൽ, ക്രിസ്തുവിന് വേണ്ടി എത്രമാത്രം ശക്തമായ ഒരു സാക്ഷ്യമായിരിക്കും!.